KERALA KAUMUDI 23-12-2016

# മത്സ്യങ്ങളിലെ രാസവസ്തുപ്രയോഗം തടയും

തിരുവനന്തപുരം: മത്സ്യം കൂടുതൽ സമയം കേട്ടുകൂടാതിരിക്കുന്നതിനായി രാസവസ്തുക്കൾ ചേർക്കുന്നത് കണ്ടെത്താനും തടയാനുമായി 'സാഗർറാണി' പദ്ധതി നടപ്പാക്കുമെന്ന് ആരോഗ്യ മന്ത്രി കെ.കെ.ശൈലജ അറിയിച്ചു. ഫിഷറീസ് വകുപ്പ് ഭക്ഷ്യസുരക്ഷാ കമ്മിഷണർ, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഫിഷറീസ് ടെക്നോളജി, കേരള യൂണിവേഴ്സിറ്റി ഒഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ്, തുറമുഖവകുപ്പ്, സെൻട്രൽ മറൈൻ ഇൻസ്റ്റിറ്റ്യൂട്ട്, മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട്സ് ആൻഡ് ഡെവലപ്മെന്റ് അതോറിട്ടി വിഭാഗങ്ങളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് തീരുമാനം. ആദ്യഘട്ടത്തിൽ മൂന്ന് ജില്ലകളിലെ മത്സ്യബന്ധന വിതരണ കേന്ദ്രങ്ങളിൽ പരിശോധനകൾ നടത്തും.